## പതിനാലാം കേരള നിയമസഭ
## 13-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1979** **5.12.2018 -ൽ മറുപടിയ്ക്ക്**

## പ്ലാസ്റ്റിക് കത്തുന്നതുമൂലമുള്ള മലിനീകരണം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ മൺവിളയിൽ ഫാമിലി പ്ളാസ്റ്റിക്കിൽ അടുത്തിടെ ഉണ്ടായ തീപിടിത്തത്തിൽ പ്ലാസ്റ്റിക് കത്തി ഉണ്ടായ വിഷപ്പുക ധാരാളമാൾക്കാർ ശ്വസിക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിവിധ കച്ചവട സ്ഥാപനങ്ങൾ കച്ചവടാനുബന്ധമായി വരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റുകൾ അധികവും രാത്രി സമയമായാൽ അവരവരുടെ കോമ്പൗണ്ടിനുള്ളിൽ പ്രത്യേകം സജ്ജീകരിച്ച ഇടങ്ങളിൽ ഇട്ട് കത്തിച്ച് നഗരാന്തരീക്ഷം ആകെ വിഷപ്പുകയാൽ മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഹൈക്കോടതി പോലും നിരോധിച്ച വൻ മലിനീകരണം ഉണ്ടാക്കുന്ന ഈ പ്രവൃത്തി തടയുന്നതിന് | (ബി) കച്ചവട സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ വൃത്തിയാക്കി വേർതിരിച്ച് അംഗീകൃത മാലിന്യം കൈകാര്യ/നിർമ്മാർജ്ജനംചെയ്യുന്ന അംഗീകൃത സെൻററിലേയ്ക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്ഥാപനങ്ങൾ മുഖേന മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ വിവിധ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്ന് ഇവ അംഗീകൃത റീസൈക്ലിംഗ് യൂണിറ്റിലേക്കോ റോഡ് ടാറിങ്ങിനായോ ക്ലീൻ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചു, വൻകിട വ്യാപാര സ്ഥാപനങ്ങളുടേതാകയാൽ ഇത്തരക്കാരുടെ പ്രസ്തുത പ്രവൃത്തി ഉദ്യോഗസ്ഥർ പലപ്പോഴും കണ്ടില്ലെന്ന് നടിച്ച് നടപടി എടുക്കാതെ ഇതിനനുവാദം നൽകുന്നത് ഗൗരവമായി കാണുമോ, വ്യക്തമാക്കുമോ; | | കേരള കമ്പനി മുഖേന നൽകി വരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൻ കീഴിൽ വരുന്ന കച്ചവട സ്ഥാപനങ്ങൾക്ക്, പ്ലാസ്റ്റിക്ക് വേസ്റ്റ് അംഗീകൃത റീസൈക്ലേഴ്സിന് കൈമാറണമെന്നും പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെൻറ് റൂൾസ് പ്രകാരം നിർമ്മാർജ്ജനം ചെയ്യണം എന്ന നിബന്ധനയോടെയാണ് പ്രവർത്തനാനുമതി നൽകുന്നത് .പരിശോധനാ വേളയിൽ തുറസ്സായ സ്ഥലത്ത് പ്ലാസ്റ്റിക് കത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും അത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടിയെടുക്കുകയും ചെയ്തു വരുന്നു. |
| (സി) | അപകടങ്ങൾ സംഭവിക്കും വരെ ഇതിനെതിരെ നടപടി എടുക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഫലപ്രദമായി പ്രവർത്തിക്കാത്തത് ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ; | (സി) | 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വില്പനയ്ക്കും മറ്റും നിരോധനം ഉണ്ട്. ടി ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ പരിശോധനയും, പിഴ ഈടാക്കലും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | വൻകിട വ്യാപാര സ്ഥാപനങ്ങൾ എങ്ങനെയാണ് അവരുടെ പ്ലാസ്റ്റിക് വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതെന്ന് നാളിതുവരെ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; ഇത്തരക്കാർക്കെതിരെ | (ഡി) | കച്ചവട സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ വൃത്തിയാക്കി വേർതിരിച്ച് അംഗീകൃത മാലിന്യം കൈകാര്യം/നിർമ്മാർജ്ജന സെൻററിലേയ്ക്ക് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിക്കുന്നതിനുള്ള |

നടപടി എടുക്കുന്നത് ഒഴിവാക്കുന്നതിനാണ് പരിശോധന നടത്താത്തതെന്ന റിപ്പോർട്ടുകളിൽ എന്തെങ്കിലും കഴമ്പ് ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്ന് ഇവ അംഗീകൃത റീസൈക്ലിംഗ് യൂണിറ്റിലേക്കോ, റോഡ് ടാറിങ്ങിനായോ ക്ലീൻ കേരള കമ്പനി മുഖേന നൽകി വരുന്നു. പ്ലാസ്റ്റിക്ക് മലിനീകരണം തടയുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിച്ച് വരുന്നു.

(ഇ) എങ്കിൽ ഇത്തരത്തിലുള്ള മലിനീകരണത്തിൽ നിന്ന് നാടിനെയും നാട്ടുകാരെയും രക്ഷിക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നടപടിക്ക് തയ്യാറാകുമോ?

(ഇ) മലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ , ആയത് നിയന്ത്രിക്കുന്നതിനായി പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ